പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2256 27-10-2026-ൽ മറുപടിയ്ക്ക്

ഫയർഫോഴ്സിന് അത്യാധുനിക ഉപകരണങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഫോർട്ട് കൊച്ചിയിലെ ചരിത്രപ്രസിദ്ധമായ കോടർ ഹൗസിൽ അടുത്തിടെയുണ്ടായ വൻ തീപിടുത്തത്തിൽ രക്ഷാപ്രവർത്തനത്തിനെത്തിയ ഫയർഫോഴ്സ് സംഘത്തിന് ഉയർന്ന നിലകളിലേക്ക് ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിനും തീയണയ്ക്കുന്നതിനുമുള്ള അത്യാധുനിക ഉപകരണങ്ങളുടെ അഭാവം മൂലം പ്രതിസന്ധി നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഫോർട്ട് കൊച്ചിയിലെ കോടർ ഹൗസ് തീപിടുത്തവുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനത്തിൽ ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിനും തീ അണക്കുന്നതിനും അത്യാധുനിക ഉപകരണങ്ങളുടെ അഭാവംമൂലം പ്രതിസന്ധി നേരിട്ടിട്ടില്ല.

(ബി) ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയ മേഖലകളിൽ ഉയർന്ന നിലകളോടുകൂടിയ നിരവധി ചരിത്രസ്മാരകങ്ങളും പുരാതന കെട്ടിടങ്ങളും ഇടതൂർന്ന പൈതൃക വീഥികളും നിലനിൽക്കുന്ന സാഹചര്യത്തിൽ, ഇത്തരം അടിയന്തര ഘട്ടങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ പ്രാദേശിക അഗ്നിശമന സേനാ യൂണിറ്റുകൾക്ക് നിലവിൽ മതിയായ ഉപകരണങ്ങളും ഭൗതികസൗകര്യങ്ങളും ലഭ്യമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയ മേഖലകളിൽ ഉയർന്ന നിലകളോടുകൂടിയ നിരവധി ചരിത്ര സ്മാരകങ്ങളും പുരാതന കെട്ടിട ങ്ങളും ഇടതൂർന്ന പൈതൃക വീഥികളും നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത്തരം അടിയന്തര ഘട്ടങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ആദ്യം എത്തുന്നത് മട്ടാഞ്ചേരി അഗ്നിരക്ഷാ നിലയത്തിൽ നിന്നുമാണ്. മട്ടാഞ്ചേരി അഗ്നിരക്ഷാ നിലയത്തിൽ ഒരു മിനി ഫയർ ടെണ്ടർ ഉൾപ്പെടെ നിലവിൽ 2 ഫയർ ടെണ്ടറുകളാണുള്ളത്.

15th Finance Commission Grant, Plan Fund തുടങ്ങിയ ധനസ്രോതസുകൾ വിനിയോഗിച്ച് സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകൾക്ക് ആധുനിക ഉപകരണങ്ങൾ, വാഹനങ്ങൾ മുതലായവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) ഭാവിയിൽ ഇത്തരം പൈതൃക നിർമിതികൾക്കുണ്ടാകുന്ന തീപിടുത്തങ്ങളും വൻ ദുരന്തങ്ങളും ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി, ഇടുങ്ങിയ റോഡുകളിലും പ്രവർത്തിപ്പിക്കാൻ കഴിയുന്നതും ഉയർന്ന നിലകളിലേക്ക് ശക്തിയോടെ വെള്ളം പമ്പ് ചെയ്യാൻ ശേഷിയുള്ളതുമായ ആധുനിക യന്ത്രസാമഗ്രികളും (ഹൈഡ്രോളിക് പ്ലാറ്റ്ഫോം/സ്കൈലിഫ്റ്റ്, പ്രഷർ പമ്പുകൾ മുതലായവ) പശ്ചിമ

കൊച്ചിയിലെ ഫയർ സ്റ്റേഷനുകൾക്ക് അനുവദിക്കുന്നതിനായി പ്രൊപ്പോസലുകൾ നിലവിലുണ്ടോ; ഇത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: ഭാവിയിൽ ഇത്തരം പൈതൃക നിർമ്മിതികൾക്ക് ഉണ്ടാകുന്ന തീപിടുത്തങ്ങളും വൻ ദുരന്തങ്ങളും ഫലപ്രദമായി പ്രതിരോധിക്കു ന്നതിനായി ഇടുങ്ങിയ റോഡുകളിലും പ്രവർത്തിപ്പിക്കാൻ കഴിയുന്നതും ഉയർന്ന നിലകളിലേയ്ക്ക് ശക്തിയോടെ വെള്ളം പമ്പ് ചെയ്യാൻ ശേഷിയുള്ളതുമായ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകതയുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഫയർ സ്റ്റേഷനുകൾക്ക് നൽകുന്നത് പരിഗണിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ